II ഇ.ബി.XIV-കേരള നിയമസഭ/V-1

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 ഏപ്രിൽ 25, ചൊവ്വ

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനം 2017 ഏപ്രിൽ മാസം 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ, സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിൽ ശ്രീ. എം. എം. മണി നടത്തിയ പ്രസ്താവനയുമായി ബന്ധപ്പെട്ട വിഷയം ചോദ്യോത്തരവേള റദ്ദ് ചെയ്ത് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ബാനർ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ട് സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളം വയ്ക്കുകയും പ്രസ്തുത വിഷയം അടിയന്തരപ്രമേയമായി പരിഗണിക്കുന്നതാണെന്ന് സ്പീക്കർ അറിയിച്ചതിനാൽ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരികെപ്പോകുകയും ചെയ്തു.)

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

1(*1) കായിക പരിശീലനത്തിനും മാസ് ഡ്രില്ലിനുമുള്ള നിബന്ധനകൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, ആർ.എസ്.എസ്.-ന്റെ നേതൃത്വത്തിൽ വർഗ്ഗീയ ധ്രുവീകരണം ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തുണ്ടായിട്ടുള്ള അക്രമ സംഭവങ്ങൾക്കെതിരെ സമയോചിതമായ ഇടപെടൽ നടത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 2011-ലെ കേരള പോലീസ് ആക്ടിലെ 73-ാം വകുപ്പുപ്രകാരം കായിക പരിശീലനം നടത്തുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അധികാരപ്പെട്ടയാളുടെ അനുമതിയില്ലാതെ ആക്രമണമോ സ്വയംരക്ഷയോ സംബന്ധിച്ച അഭ്യാസരീതികൾ ഉൾക്കൊള്ളുന്ന കായിക പരിശീലനം സംഘടിപ്പിക്കുവാനോ പങ്കെടുക്കുവാനോ പാടുള്ളതല്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിന് സബ് ഇൻസ്പെക്ടർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തിയിട്ടുണ്ട്. ആക്ടിലെ 75-ാം വകുപ്പുപ്രകാരം മാസ് ഡ്രില്ലിംഗ് നിരോധിക്കുന്നതിന് ജില്ലാ മജിസ്ട്രേറ്റിനും ആവശ്യമാണെന്ന് കരുതുന്ന പക്ഷം വിജ്ഞാപനം മുഖേന നിരോധനം ദീർഘിപ്പിക്കാൻ സർക്കാരിനും അധികാരമുണ്ടെന്നും സർക്കാർ - എയ്ഡഡ് സ്കൂളുകളുടെയും ക്ഷേത്രങ്ങളുടെയും കോമ്പൗണ്ടുകളിൽ നടത്തിവരുന്ന മാസ് ഡ്രില്ലിംഗ്

നിരോധിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കാസർഗോഡ് ജില്ലയിൽ മദ്രസ്സ അദ്ധ്യാപകനെ കൊലപ്പെടുത്തിയ സംഭവത്തിലെ ഗൂഢാലോചനയെപ്പറ്റി ക്രൈംബ്രാഞ്ച് എസ്.പി.-യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തുന്നുണ്ടെന്നും വർഗ്ഗീയ സംഘർഷങ്ങൾ തടയുന്നതിനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണെന്നും മുഖ്യമന്ത്രി അറിയിച്ചു. വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും നിയമവിരുദ്ധ ആർ.എസ്.എസ്. ശാഖകൾ നിരീക്ഷിക്കുന്നതിനും പൊതു സ്ഥലങ്ങൾ കയ്യേറി ആയുധ പരിശീലനം നടത്തുന്നവരെ കണ്ടെത്തുന്നതിനും മതസംഘടനകളുടെ പേരിൽ കായിക പരിശീലനം നടത്തുന്നവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കും. കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നിലവിലെ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്തുതലത്തിൽ ക്ലബ്ബുകളെ പ്രൊമോട്ട് ചെയ്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതാണെന്നും കുട്ടികളുടെ സാംസ്കാരിക നിലവാരവും മാനുഷിക മൂല്യങ്ങളും ചോർത്തിക്കളയുന്ന സംഘടനാ പ്രവർത്തനങ്ങൾക്കെതിരെ സമൂഹം ജാഗ്രത പാലിക്കണമെന്നും ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

2(*2) <u>പോലീസ് സേനയുടെ ആധുനികവത്കരണത്തിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടി</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ കാലോചിതമായി പരിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ടെന്നും പോലീസ് സേനയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി 100 സ്റ്റേഷനുകളിൽ ആധുനിക കമ്പ്യൂട്ടറുകളും സോഫ്റ്റ്‌വെയറുകളും ലഭ്യമാക്കി സ്മാർട്ട് പോലീസ് സ്റ്റേഷനുകളാക്കിക്കൊണ്ട് ശാസ്ത്രീയമായ രീതിയിൽ കേസ് അന്വേഷിക്കുന്നതിനാവശ്യമായ പരിശീലനം നൽകുന്നുണ്ടെന്നും സഭയെ അറിയിച്ചു. സ്മാർട്ട് ക്ലാസ് റൂം, സൈബർ ഫോറൻസിക് ലാബ് എന്നീ സൗകര്യങ്ങളോടുകൂടി പോലീസ് അക്കാഡമിയെ സ്മാർട്ട് അക്കാഡമി ആക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 19 പോലീസ് ജില്ലകളിലും മൊബൈൽ ഫോറൻസിക് യൂണിറ്റുകളും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ഒരു എത്തിക്കൽ ഹാക്കേഴ്സ് ടീമും രൂപീകരിച്ചിട്ടുണ്ട്. ഫിംഗർപ്രിന്റ് ബ്യൂറോയേയും ടെലികമ്മ്യൂണിക്കേഷനേയും ഡിജിറ്റലൈസ് ചെയ്യുന്നതിനും തിരുവനന്തപുരത്ത് കേന്ദ്രീകൃത ലോക്കപ്പ് സെന്ററും ജില്ലകൾതോറും ആധുനിക രീതിയിലുള്ള ചോദ്യം ചെയ്യൽ മുറികൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയ്ക്ക് പുറമെ അഞ്ച് പ്രധാന നഗരങ്ങളിൽ പിങ്ക് പോലീസ് കൺട്രോൾ റൂമുകളും 514 പോലീസ് സ്റ്റേഷനുകളിൽ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക്

സിസ്റ്റവും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസിംഗ് സംവിധാനം വ്യാപിപ്പിക്കുകയും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് പിങ്ക് പട്രോളിംഗും മൊബൈൽ ആപ്ലിക്കേഷനുകളും, വെബ് പ്ലാറ്റ്ഫോമുകളും തയ്യാറാക്കിവരുന്നു. കൂടാതെ പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാക്കുന്നതിന് റിസപ്ഷൻ, വനിതാ ഹെൽപ്പ് ഡെസ്ക്, ടോയ്‌ലറ്റോടുകൂടിയുള്ള വിസിറ്റേഴ്സ് റൂം എന്നിവയും സ്ഥാപിച്ചുവരുന്നു. ഒറ്റയ്ക്ക് താമസിക്കുന്ന വൃദ്ധജനങ്ങളുടെ പേരുവിവരങ്ങളടങ്ങിയ പ്രത്യേക രജിസ്റ്ററുകൾ അതാത് പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുകയും ജനമൈത്രി ബീറ്റുകൾ ഇവർക്ക് പ്രത്യേക ശ്രദ്ധ നൽകുകയും ഇവരുടെ സുരക്ഷയ്ക്കാവശ്യമായ സഹായം നൽകണമെന്ന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടിയ സൈബർ ഡോം ടെക്നോപാർക്കിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്നും വിവിധ പോലീസ് ജില്ലകളിലുള്ള സൈബർ സെല്ലുകൾ, ഹൈടെക് ക്രൈം എൻക്വയറി സെൽ, സംസ്ഥാന സൈബർ ക്രൈം പോലീസ് സ്റ്റേഷൻ എന്നിവയുടെ നേതൃത്വത്തിൽ സ്കൂളുകൾ, കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങൾ എന്നിവ മുഖാന്തിരം ബോധവൽക്കരണം നടത്തിവരുന്നുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. പോലീസ് സ്റ്റേഷനുകളിലെ അംഗബലം വർദ്ധിപ്പിക്കുന്നതോടൊപ്പം കുറ്റാന്വേഷണം,

ക്രമസമാധാനപാലനം, ജനമൈത്രി ചുമതലകൾ എന്നിവ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് പോലീസ് സേനയിൽ വികേന്ദ്രീകരണം നടപ്പാക്കുന്നതുമാണ്. ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും ആധുനിക സംവിധാനങ്ങളോടുകൂടിയ തീരദേശ പോലീസ് സംവിധാനം നടപ്പിലാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

3(*3) <u>എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത ധനസഹായത്തിന്റെ മൂന്നാം ഗഡുവായ 56,76,00,000/- രൂപയ്ക്കുപുറമെ 2013-ൽ നടത്തിയ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തിട്ടും ദുരിതബാധിത പട്ടികയിൽ ഉൾപ്പെടാത്തതും മാരക രോഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയതുമായ 128 പേർക്കുകൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സൗജന്യ ചികിത്സ അനുവദിച്ച വകയിൽ വിവിധ ആശുപത്രികൾക്ക് 2,51,81,841/- രൂപയും നബാർഡ് - RIDF സ്കീമിൽപ്പെടുന്ന പദ്ധതികൾക്കായി ഇരുപത് കോടി രൂപയും ചെലവഴിച്ചതിന് പുറമെ വിവിധ ആശുപത്രികൾ, ജലവിതരണം തുടങ്ങിയ പദ്ധതികൾക്കായി ഭരണാനുമതി നൽകിയ 236 പദ്ധതികളിൽ 172 പദ്ധതികൾ

പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ റിക്കവറി നിയമത്തിലെ 71-ാം വകുപ്പ് ബാധകമായുള്ള സ്ഥാപനങ്ങളിൽ നിന്നും, ബാങ്കുകളിൽ നിന്നും എൻഡോസൾഫാൻ ദുരിതബാധിതർ എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 26.10.2016 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി മൊറട്ടോറിയം ദീർഘിപ്പിച്ചിട്ടുണ്ടെന്നും ദുരിതബാധിതർക്ക് എം പാനൽഡ് ആശുപത്രികൾ, മൊബൈൽ മെഡിക്കൽ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ് തുടങ്ങിയവയിലൂടെ വിദഗ്ധ ചികിത്സ നൽകിവരുന്നുണ്ടെന്നും 11 പഞ്ചായത്തുകളിലെ രോഗികളുടെ ചികിത്സയ്ക്കായി വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിൽ ഫിസിയോതെറാപ്പിസ്റ്റുകളെ നിയമിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. എൻഡോസൾഫാൻ ബാധിത പട്ടികയിൽ ഉൾപ്പെട്ടവർക്ക് വിവിധ ആവശ്യങ്ങൾക്കായി തിരിച്ചറിയൽ കാർഡ് അനുവദിക്കുകയും ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ ഉന്നമനം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജിന് മൂളിയാർ പഞ്ചായത്തിൽ 25 ഏക്കർ ഭൂമി കണ്ടെത്തി ഉപയോഗാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള 7 ബഡ്സ് സ്കൂളുകൾക്കുപുറമെ 10 ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം പുരോഗമിക്കുന്നതായും അഞ്ച് സ്ഥലങ്ങളിൽ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ നടത്തി അർഹരായവരെ കണ്ടെത്തി ദുരിതബാധിത പട്ടികയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും

മുഖ്യമന്ത്രി വ്യക്തമാക്കി. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി ധനസഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള പുതിയ ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും കീടനാശിനി നിർമ്മാതാക്കളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്ന കാര്യവും അവശത അനുഭവിക്കുന്ന ജനങ്ങൾക്ക് ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്ന കാര്യവും പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 352 വരെയുള്ള ചോദ്യങ്ങളിൽ 42 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)